**ചടയമംഗലം ഗ്രാമന്യായാലയ**

**ഹാജർ: റിയ രാജി , ന്യായാധികാരി**

**28 ഏപ്രിൽ 2026 /8 വൈശാഖം 1948**

**ST 129/2016**

| | | |
|---|---|---|
| വാദി | : | കേരള സർക്കാരിനെ പ്രതിനിധീകരിച്ച് ചടയമംഗലം പോലീസ് സബ്ബ് ഇൻസ്പെക്ടർ (ക്രൈം നമ്പർ 1020/2011)<br>*(By Smt. Mithra J., A.P.P., )* |
| പ്രതികൾ | : | A1. രാധാമണിയമ്മ, 60 വയസ്സ്, D/o. പങ്കജാക്ഷിയമ്മ, കാർത്തിക ഭവൻ, മാടൻ പാറ, ആയൂർ, ആയൂർ മുറി, ഇടമുളയ്ക്കൽ വില്ലേജ്.<br>A2. രാജേന്ദ്രൻ പിള്ള, 51 വയസ്സ്, S/o. ഭാസ്കരൻ പിള്ള, കാർത്തിക ഭവൻ, മാടൻ പാറ, ആയൂർ, ആയൂർ മുറി, ഇടമുളയ്ക്കൽ വില്ലേജ്.<br>A3. അജയകുമാർ, 35 വയസ്സ്, ഗോപാലകൃഷ്ണപിള്ള മകൻ, സജയ സദനം, പെരുങ്ങള്ളൂർ, ആയൂർ മുറി, ഇളമുളയ്ക്കൽ വില്ലേജ്.<br>*(By Adv. S. Radhakrishnan Nair)* |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാനിയമം 1860 ലെ വകുപ്പ് 427, 34 എന്നീ വകുപ്പുകൾ പ്രകാരം |
| പ്ലീ | : | കുറ്റക്കാരല്ല |
| തീർപ്പ് | : | കുറ്റക്കാരല്ല |
| ശിക്ഷാവിധി /ഉത്തരവ് | : | പ്രതിയെ വകുപ്പ് 255(1) Cr.P.C പ്രകാരം നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. പ്രതിയുടെ ജാമ്യ കൈച്ചീട്ട് റദ്ദാക്കിയിരിക്കുന്നു. |

**<u>പ്രതിയുടെ വിശദവിവരം</u>**

| ക്രമ നം. | പേര് | വയസ്സ് | അച്ഛന്റെ പേര് | മേൽവിലാസം |
|---|---|---|---|---|
| 1. | രാധാമണിയമ്മ | 60 | D/o. പങ്കജാക്ഷിയമ്മ | കാർത്തിക ഭവൻ, മാടൻ പാറ, ആയൂർ, ആയൂർ മുറി, ഇടമുളയ്ക്കൽ വില്ലേജ്. |
| 2. | രാജേന്ദ്രൻ പിള്ള | 51 | ഭാസ്കരൻ പിള്ള | കാർത്തിക ഭവൻ, മാടൻ പാറ, ആയൂർ, ആയൂർ മുറി, ഇടമുളയ്ക്കൽ വില്ലേജ്. |
| 3. | അജയകുമാർ | 35 | ഗോപാലകൃഷ്ണപിള്ള മകൻ | സജയ സദനം, പെരുങ്ങള്ളൂർ, ആയൂർ മുറി, ഇളമുളയ്ക്കൽ വില്ലേജ്. |

**തീയതി**

| കുറ്റം നടന്ന തീയതി | പരാതി പ്പെട്ട തീയതി | പ്രതികളെ അറസ്റ്റ് ചെയ്ത തീയതി | ജാമ്യത്തിൽ വിട്ട തീയതി | വിസ്താരം ആരംഭിച്ച തീയതി | വിസ്താരം അവസാനിച്ച തീയതി | ശിക്ഷ/ ഉത്തരവ് | കാല താമസം സംഭവിക്കാനുള്ള കാരണം |
|---|---|---|---|---|---|---|---|
| 28.08.2011 | 28.08.2011 | ...... | A1.25.02.2016<br>A2.25.02.2016<br>A3.25.02.2016 | 30.10.2016 | 24.04.2026 | 28.04.2026 | -ഇല്ല- |

ഈ കേസ് 28.04.2026-ന് കോടതിയിൽ അന്തിമമായി വിചാരണയ്ക്ക് വരികയും, 28.04.2026-ന് ചുവടെ പറയും പ്രകാരം പുറപ്പെടുവിക്കുന്ന

**വിധിന്യായം**

കടയ്ക്കൽ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ, ക്രൈം നമ്പർ 1020/2011 ആയി അക്കമിട്ട പ്രാഥമിക വിവര റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തി ടിയാൻ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ഇന്ത്യൻ ശിക്ഷാനിയമം 1860 ലെ വകുപ്പുകൾ 427, 34 പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് കൊണ്ട് പ്രതികളായ പങ്കജാക്ഷിയമ്മ മകൾ രാധാമണിയമ്മ, ഭാസ്കരൻ പിള്ള മകൻ രാജേന്ദ്രൻ, ഗോപാലകൃഷ്ണപിള്ള മകൻ അജയകുമാർ എന്നിവെ എതിരെ യഥാക്രമം ഒന്ന് മുതൽ മൂന്ന് വരെ പ്രതികളാക്കി ഫയൽ ചെയ്ത കേസ് ആണിത്.

2. പ്രോസിക്യൂഷൻ ആരോപിക്കുന്ന കുറ്റത്തിന്റെ ചുരുക്കം ചുവടെ പറയും പ്രകാരമാണ്:-

പ്രതികൾക്ക് ആവലാതിക്കാരനോടുള്ള മുൻ വിരോധം നിമിത്തം ടിയാളുടെ പുരയിടത്തിൽ അതിക്രമിച്ച് കയറി മുള്ളുവേലി അടിച്ച് നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 28.08.2011 10.00 മണിയ്ക്ക് പ്രതികൾ ആവലാതിക്കാരിയുടെ ആയൂരുള്ള പുരയിടത്തിൽ അതിക്രമിച്ച് കയറി

അതിർത്തിയിൽ സ്ഥാപിച്ചിരുന്ന മുള്ളുവേലിയുടെ നാല് കാലുകളും കമ്പികളും അടിച്ച് നശിപ്പിച്ചതിൽ വച്ച് ആവലാതിക്കാരിയ്ക്ക് 4,000/- രൂപയുടെ നഷ്ടവും അഞ്ച് മൂട് റബ്ബർ തൈകൾ നശിപ്പിച്ചതിൽ വച്ച് 375/- രൂപയുടെ നഷ്ടവും സംഭവിച്ച് പ്രതികൾ മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്ന എന്നുള്ളത്.

3. ഈ കേസിന്റെ അന്തിമ റിപ്പോർട്ട് കൊട്ടാരക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ അഡീഷണൽ സബ് ഇൻസ്പെക്ടർ മുഖേന സമർപ്പിക്കുകയും ആയത് ടി കോടതി സി.സി 316/2012 ആയി അക്കമിട്ട് വിചാരണയ്ക്ക് എടുക്കുകയും ആയതിൽ പ്രതിക്ക് സമൻസ് ഉത്തരവാകുകയും ചെയ്തു. 11.08.2014-ലെ ബഹുമാനപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, കൊല്ലം അവർകളുടെ ഉത്തരവിൻമേൽ ടി കേസ് കടയ്ക്കൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തു വരികയും ആയത് സി.സി 1484/2015 എന്ന് അക്കമിട്ട് ടി കോടതി ഫയലിൽ സ്വീകരിച്ചുള്ളതും ടി പ്രതികൾ ഹാജരായി ജാമ്യം എടുത്ത് പോയിട്ടുള്ളതുമാണ്. തുടർന്ന് ടി കേസ് കടയ്ക്കൽ കോടതിയിൽ നിന്നും ഈ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തു വരികയും ആയത് ST.129/2016 ആയി അക്കമിട്ട് മേൽപ്പറഞ്ഞ വകുപ്പ് പ്രകാരം പ്രതികൾക്കെതിരെ നടപടികൾ തുടർന്നു വരികയും പ്രതിക്ക് ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 207 പ്രകാരം പ്രോസിക്യൂഷൻ രേഖകളുടെ പകർപ്പ് നല്കുകയും ടി കോടതിയിൽ ഇന്ത്യൻ ശിക്ഷ നിയമം, 1860 ലെ വകുപ്പ് 427, 34 പ്രകാരമുള്ള കുറ്റങ്ങളുടെ ചുരുക്കം പ്രതികൾക്ക് വായിച്ചു കേൾപ്പിച്ച് മനസ്സിലാക്കി കൊടുക്കുകയും ആയതിന് പ്രതികൾ കുറ്റം ചെയ്തിട്ടില്ല എന്ന് പറയുകയും സാക്ഷി വിസ്താരം ആവശ്യമാണെന്ന് പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാക്ഷികൾക്ക് സമൻസ് ഉത്തരവായിട്ടുള്ളതുമാണ്. രണ്ടാം പ്രതി മരിച്ചുപോയിട്ടുള്ളതാണ്. ടിയാനെതിരെയുള്ള കേസ് abate ചെയ്തിട്ടുള്ളതുമാകുന്നു.

4. പ്രോസിക്യൂഷൻ പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി 8 ചാർജ് സാക്ഷികളെ ചാർജിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിൽ ഒന്ന് മുതൽ മൂന്ന് വരെ ചാർജ്ജ് സാക്ഷികളെ ഒഴിവാക്കുകയും ചെയ്തതിനാൽ പ്രോസിക്യൂഷന് അനുകൂലമായി സാക്ഷികൾ ഇല്ലാത്തതിനാൽ പ്രോസിക്യൂഷൻ ബാക്കി സാക്ഷികളെ വിസ്തരിക്കേണ്ടതില്ല എന്ന് കോടതിയിൽ അറിയിച്ചു. തുടർന്ന് അസിസ്റ്റന്റെ പബ്ലിക് പ്രോസിക്ക്യൂഷൻ മുഖേന രേഖകൾ ഹാജരാക്കുന്നത് പ്രതിഭാഗം അഭിഭാഷകന് എതിർപ്പില്ല എന്ന് അറിയിച്ച പ്രകാരം സെക്ഷൻ 294 (3) സിആർപിസി പ്രകാരം FIS Ext.P1 ആയും എഫ്.ഐ. ആർ. Ext.P2 ആയും സീൻ മഹസർ Ext.P3 ആയും അഡ്രസ്സ് റിപ്പോർട്ട് Ext.P4 ആയും Bail bond Ext.P5 ആയും തെളിവിൽ സ്വീകരിക്കുകയും തുടർന്ന് പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിപ്പിച്ചു.

5. പ്രതികൾക്കെതിരെ ഉന്നയിച്ച കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ ഒന്നും ഇല്ലാത്തതിനാൽ ക്രിമിനൽ നടപടിക്രമത്തിലെ 313(1)(b) പ്രകാരമുള്ള ചോദ്യം ചെയ്യൽ ഈ കോടതി ഒഴിവാക്കി.

6. പ്രതിഭാഗം തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയില്ല.

7. ഇരുഭാഗങ്ങളുടെയും വാദം കേട്ടു.

8. ഇരുഭാഗത്തേയും കേട്ടതിൽ വെച്ച് താഴെ പറയുന്ന പരിഗണന വിഷയങ്ങൾ രൂപീകരിച്ചു.

   1. പ്രതി, ആവലാതിക്കാരന് നാശനഷ്ടം വരുത്തി ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 427 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
   2. പ്രതികൾ, ആവലാതിക്കാരന് നാശനഷ്ടം വരുത്തണം എന്ന ഉദ്ദേശ്യത്തോടെ ഒത്തുചേർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 34 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

3. പ്രതി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ എന്ത് ശിക്ഷ വിധിക്കണം?

9. <u>ഒന്നും രണ്ടും പരിഗണനാ വിഷയങ്ങൾ.</u>

പ്രതി കുറ്റക്കാരൻ ആണെന്ന് തെളിയിക്കാനായി പ്രോസിക്യൂഷൻ സാക്ഷികളൊന്നും ഇല്ലാത്തതിനാൽ പ്രതിക്കെതിരായ തെളിവുകൾ ഒന്നുമില്ല എന്ന് കോടതിക്ക് ഉത്തമ ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ പ്രതി ഒന്നും രണ്ടും പരിഗണനാ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു. ആയതിനാൽ മുതൽ അഞ്ച് വരെ പരിഗണന വിഷയങ്ങൾ പ്രോസിക്യൂഷന് എതിരെ കണ്ടെത്തിയിരിക്കുന്നു

10. <u>മൂന്നാം പരിഗണനാ വിഷയം.</u>

അന്തിമ റിപ്പോർട്ടിൽ ആരോപിച്ച കുറ്റകൃത്യങ്ങൾ പ്രതികൾ നടത്തിയതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ പ്രതികളെ ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 255(1) പ്രകാരം കുറ്റവിമുക്തർ ആക്കിയിരിക്കുന്നു. പ്രതികളെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. പ്രതികൾ, ടിയാന്മാരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിലേക്കായി കോടതിയിൽ എഴുതി വച്ച ജാമ്യകൈചീട്ടുകൾ ഇതിനാൽ റദ്ദാക്കപെട്ടിരിക്കുന്നു.

*(തുറന്ന കോടതിയിൽ ഇന്നേ ദിവസമായ 28.04.2026-ൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുകയും ചെയ്യുന്നു. )*

**ഒപ്പ്/-**
**റിയ രാജി ,**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയ, ചടയമംഗലം**

**<u>അനുബന്ധം</u>**

**<u>പ്രോസിക്യൂഷൻ സാക്ഷികൾ</u>** :- ഇല്ല.

**<u>പ്രോസിക്യൂഷൻ ഭാഗം അക്കമിട്ട രേഖകൾ</u>** :-

| | | | | | |
|---|---|---|---|---|---|
| 1. | P1 | – | FIS | – | 294 (3) of Cr.PC |
| 2. | P2 | – | എഫ്.ഐ. ആർ. | – | 294 (3) of Cr.PC |
| 3. | P3 | – | സീൻ മഹസർ | – | 294 (3) of Cr.PC |
| 4. | P4 | – | അഡ്രസ്സ് റിപ്പോർട്ട് | – | 294 (3) of Cr.PC |
| 5. | P5 | – | Bail bond | – | 294 (3) of Cr.PC |

**<u>പ്രതിഭാഗം സാക്ഷികൾ</u>** :- ഇല്ല.

**<u>പ്രതിഭാഗം അക്കമിട്ട രേഖകൾ</u>** :- ഇല്ല.

**<u>തൊണ്ടിമുതലുകൾ</u>** :- ഇല്ല.

**ഒപ്പ്/-**
**റിയ രാജി**
**ന്യായാധികാരി**
**ഗ്രാമന്യായലയ, ചടയമംഗലം**